"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ല – ചാലിയാർ ഗ്രാമപഞ്ചായത്ത് - 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3-4(2) - തടസ്സപ്പെടുത്തിയ തുക - സാധൂകരണം നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ ( എ ബി ) വകുപ്പ്**

സ.ഉ.(സാധാ) നം.1584/2023/LSGD തീയതി,തിരുവനന്തപുരം, 04-08-2023

പരാമർശം:-

1. ഡയറക്ടർ (റൂറൽ) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 04.11.2022 ലെ പി എ എൻ/16226/2022- എം3 ( ഡി പി ) നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 24.05.2023 ലെ ഡി.കെ.എസ്.എ/125/പി.റ്റി2/2023 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ ചാലിയാർ ഗ്രാമപഞ്ചായത്തിൽ ഹെഡ്മിസ്ട്രസ്സ് നിർവ്വഹണോദ്യോഗസ്ഥയായി സമഗ്രവിദ്യാഭ്യാസ പദ്ധതിയിലൂടെ "പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകൽ" എന്ന പ്രവൃത്തിയ്ക്ക് ചെലവായ 79,590/- രൂപ, പ്രസ്തുതയിനം സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാൽ 2015-2016 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-4(2) പ്രകാരം, സംസ്ഥാന ഓഡിറ്റ് വകുപ്പ് നിരാകരിച്ചിരുന്നു.

2. ഇതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ ) ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള പരാമർശം(1) റിപ്പോർട്ടിൽ സർക്കാർ മാർഗരേഖ പ്രകാരം 2013-14 അധ്യയന വർഷം മുതൽ പത്താം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കാണ് സൈക്കിൾ വാങ്ങി നൽകേണ്ടിയിരുന്നതെന്നും എന്നാൽ സൈക്കിൾ വിതരണം ചെയ്തിരുന്ന യുപി സ്കൂളിലെ വിദ്യാർഥികൾ അവർ താമസിച്ചിരുന്ന ചാലിയാർ ഗ്രാമപഞ്ചായത്തിലെ കോളനികളിൽ നിന്നും വളരെ വിദൂരത്താണ് പഠനത്തിനായി എത്തിയിരുന്നതെന്നും പഠന സൗകര്യം മെച്ചപ്പെടുത്തി പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നമനം ലക്ഷ്യം വെച്ചാണ് ഏഴാം ക്ലാസ് വിദ്യാർഥികൾക്ക് 2015-16 വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തി സൈക്കിൾ വാങ്ങി നൽകാൻ പഞ്ചായത്ത് തീരുമാനിച്ചതെന്നും അറിയിച്ചിട്ടുണ്ട്. തികച്ചും അർഹരായവർക്കാണ് ആനുകൂല്യം നൽകിയത് എന്നതിനാലും പദ്ധതി ലക്ഷ്യം കൈവരിച്ചു എന്നതിനാലും ഓഡിറ്റ് തടസ്സത്തിന് സാധൂകരണത്തിനായി പഞ്ചായത്ത് ഭരണ സമിതിയും ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയും ശുപാർശ ചെയ്തിട്ടുണ്ടെന്നും ആയതിനാൽ ഓഡിറ്റ് തടസ്സത്തിന് സാധൂകരണം നൽ കണമെന്നും പരാമർ ശം (1) പ്രകാരം ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ് ( റൂറൽ ) ശുപാർശ സമർപ്പിച്ചിട്ടുണ്ട് .

3. പരാമർശ പദ്ധതി നടപ്പിലാക്കിയതിലൂടെ ധനദുർവിനിയോഗമോ പാഴ്ച്ചെലവോ ഉണ്ടായിട്ടില്ലെന്ന് ഭരണസമിതി വിലയിരുത്തിയിട്ടുള്ളതിനാലും സാധൂകരണം നൽകുന്നതിന് ജില്ലാതല ഓഡിറ്റ് മോണിട്ടറിംഗ് സമിതി അനുകൂല ശുപാർശ നൽകിയിട്ടുള്ളതിനാലും

ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 2015-2016 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-4(2) ലെ പരാമർശത്തിന് സാധൂകരണം നൽകുന്നതിൽ വകുപ്പിന് എതിരഭിപ്രായമില്ലെന്നും പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട് .

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ) ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശുപാർശകൾ പരിഗണിച്ചും പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ കണക്കിലെടുത്തും വരും വർഷങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതികൾ നടപ്പാക്കരുത് എന്നുള്ള നിർദ്ദേശത്തോട് കൂടി മലപ്പുറം ജില്ലയിലെ ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-4(2) പ്രകാരം തടസ്സപ്പെടുത്തിയ79,590/- രൂപയുടെ (എഴുപത്തി ഒമ്പതിനായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ് രൂപ മാത്രം ) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ( റൂറൽ ) തിരുവനന്തപുരം
സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ചാലിയാർ ഗ്രാമപഞ്ചായത്ത്, മലപ്പുറം
അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള . തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് ( LSGD-AB2/176/2022-LSGD )

ഉത്തരവിൻ പ്രകാരം

Signed by
Jyothish M S
സെക്ഷൻ ഓഫീസർ
Date: 04-08-2023 16:01:00